# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.109 — 11.06.2019-ൽ മറുപടിക്ക്

**മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ്<br>,, ഷാഫി പറമ്പിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ സ്വകാര്യ ഇടപാടുകാരിൽ നിന്നും വായ്പയെടുക്കുന്നതിലൂടെ വമ്പിച്ച സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നുവെന്നും വൻ ബാധ്യതകൾ വരുത്തി വയ്ക്കുന്നുവെന്നുമുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ പുതിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യ ലേലസമ്പ്രദായം പരിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് മത്സ്യ ലേലത്തിൽ കൂടുതൽ സഹകരണ സംഘങ്ങളേയും അതുവഴി മത്സ്യത്തൊഴിലാളികളെയും പങ്കാളിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മത്സ്യലേലവും വിപണനവും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവും ആക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഒരു നിയമനിർമ്മാണം പരിഗണനയിലാണ്. |
| (സി) | മത്സ്യത്തൊഴിലാളികളെ ഔദ്യോഗിക ധനകാര്യസ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്നതിനായി മത്സ്യബന്ധനയാനങ്ങളെ വായ്പ ഈടായി പരിഗണിക്കണമെന്നുള്ള നിർദ്ദേശം നൽകുമോ; | (സി) | മത്സ്യബന്ധന യാനങ്ങൾ ഈടായി പരിഗണിച്ച് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് K.C.C മാതൃകയിൽ വായ്പ 2019-20 വർഷം മുതൽ അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധന യാനങ്ങൾ ഈടായി പരിഗണിച്ച് കൂടുതൽ വായ്പ അനുവദിക്കുന്നതിനും ചർച്ചകൾ നടന്നിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയതുമൂലം യാനങ്ങൾ ഈടായി സ്വീകരിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾ എടുക്കുന്ന വായ്പയെ ഇൻഷുറൻസുമായി ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ**?** | (ഡി) | മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുക്കുന്ന മത്സ്യബന്ധന ഉപകരണ വായ്പയെ ഇൻഷ്വറൻസുമായി നിലവിൽ ബന്ധിപ്പിച്ചു കൊണ്ട് മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖാന്തരം യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് അംഗങ്ങളാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ